# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7944 - 16/07/2014 -ലെ മറുപടിക്ക്

### മിഷൻ 676 ന്റെ ഭാഗമായി വിവിധ വകുപ്പുകൾ പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം<br>ശ്രീ. വി. ശശി | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മിഷൻ 676 ന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകൾ പദ്ധതികൾ പ്രഖ്യാപിച്ചുവെന്ന് വ്യക്തമാക്കുമോ ; | മിഷൻ 676 ന്റെ ഭാഗമായി പദ്ധതികൾ പ്രഖ്യാപിച്ച വകുപ്പുകൾ ചുവടെ പറയുന്നു.<br>തദ്ദേശ സ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, ഭവന നിർമ്മാണ വകുപ്പ്, ഊർജ്ജ വകുപ്പ്, റവന്യൂ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, മത്സ്യ ബന്ധനം വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, പട്ടിക ജാതി വികസന വകുപ്പ്, വ്യവസായ വകുപ്പ്, സമൂഹ്യനീതി വകുപ്പ്, നോർക്ക വകുപ്പ്, പൊതു വിതരണ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആഭ്യന്തര വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, കയർ വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്. |
| (ബി) ഓരോ വകുപ്പും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ നടപ്പാക്കാൻ 2014-15 ലെ ബജറ്റിൽ നീക്കി വെച്ചിട്ടുള്ള തുകയുടെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ? | മിഷൻ 676 പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പുകൾക്ക് പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എന്നാൽ നിലവിൽ ബഡ്ജറ്റിൽ വിഭാവനം |

| | |
|---|---|
| | ചെയ്തിട്ടുള്ള പദ്ധതികളും മിഷൻ 676 ന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്ന പക്ഷം നിലവിലുള്ള പദ്ധതികളുടെ മുൻഗണനാക്രമം പുനർനിർണ്ണയിച്ച് ധനപുനഃക്രമീകരണത്തിലൂടെ ആവശ്യമായ വിഹിതം കണ്ടെത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**